"ഭരണഭാഷ-മാതൃഭാഷ"

വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്,
തൃശ്ശൂർ, Phone No.0487-2360810
Website:www.ddethrissur .org.
Email:ddetsr.dge@kerala.gov.in

എച്ച് 4/884/2020 — തിയതി 03.02.2020

പ്രേഷകൻ
വിദ്യാഭ്യാസ ഉപഡയറക്ടർ,
തൃശ്ശൂർ.

സ്വീകർത്താവ്
ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ/ജില്ലാ കോ-ഓർഡിനേറ്റർ, തൃശ്ശൂർ.

സർ,

വിഷയം: കേരളത്തിലെ സ്കൂളുകളിൽ വിവിധങ്ങളായ ഫണ്ടുകൾ ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളിലെ അഴിമതി, ക്രമക്കേടുകൾ എന്നിവ സംബന്ധിച്ച്

സൂചന: ബഹു. ജില്ലാ കളക്ടറുടെ എച്ച്2/239/2020/DCTCR/Ndis കത്ത്.

.......

മേൽ സൂചന പ്രകാരം ഡോ.ജി.സാമുവേൽ സെക്രട്ടറി, ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ കൗൺസിൽ സ്കൂളുകളിൽ വിവിധങ്ങളായ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവർത്തികളിൽ ക്രമക്കേടുകളോ, അഴിമതിയോ നടക്കുന്നുണ്ടോ എന്ന് ആവശ്യപ്പെട്ട് പരാതി നൽകിയിട്ടുണ്ട്. ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരുടെ കീഴിൽ വരുന്ന നിർമ്മാണ പ്രവർത്തികളിൽ എന്തെങ്കിലും അഴിമതിയോ, ക്രമക്കേടോ ഉണ്ടോ എന്ന് അന്വേഷണം നടത്തി 5 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

1/10/2020 A5

വിശ്വസ്തതയോടെ,
(ഒപ്പ്)
**വിദ്യാഭ്യാസ ഉപഡയറക്ടർക്കുവേണ്ടി.**

**ഉള്ളടക്കം:**
ഡോ.ജി.സാമുവേലിന്റെ പരാതി.

**//അംഗീകാരത്തോടെ//**

**സൂപ്രണ്ട്.**

പി.എൻ/3.2.

പരാമർശം നം. എ5/2943/20 തി. 1/10/20
സ്കൂളുകളിൽ വിവിധ തരത്തിലുള്ള ഫണ്ടുകൾ ഉപയോഗിച്ച് നടന്നിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ അഴിമതിയോ ക്രമക്കേടോ നടന്നിട്ടുണ്ടെങ്കിൽ ആ വിവരം 12/10/20 നുള്ളിൽ വിശദാംശങ്ങൾ സഹിതം ഈ കാര്യാലയത്തിലേക്ക് അറിയിക്കേണ്ടതാണ്

[illegible signature] 1/10/20 — AEO TSR

Scanned by CamScanner

To

1) The Principal Secretary (Finance Inspection Wing) Secretariet, TVM
2) The Adl. Chief Secretary, Revenue,Secretariet, TVM
3) The Principal Secretary, Education, Govt. Secretariet, TVM
4) The Principal Secretary, LSGD, Secretariet, TVM
5) The Principal Secretary, PWD, Secretariet, TVM
6) The Principal Secretary, SC/ST, Secretariet, TVM
7) The DPI, Trivandrum
8) The Director, HSE & VHSE
9) The Dist. Collector, Trichur

26 DEC 2019

**വിഷയം :** **കേരളത്തിലെ സ്കൂളുകളിൽ, വിവിധ തരത്തിലുള്ള ഫണ്ടുകൾ ഉപയോഗിച്ചു നിർമ്മാണം പ്രവർത്തനം നടത്തുന്നുണ്ട്. ഇതിലെ നിലവാരമില്ലായ്മയും അഴിമതിയും ക്രമക്കേടും സംബന്ധിച്ച് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഹർജി.**

## അന്യായസംഗതികൾ

വാദി ആലപ്പുഴ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ കൗൺസിൽ എന്ന മനുഷ്യാവകാശസംഘടനയുടെ സംസ്ഥാന പ്രസിഡന്റും മാനിഷാദ മാസികയുടെ ചീഫ് എഡിറ്ററുമാണ്. ടി. സംഘടന സമൂഹത്തിലെ അഴിമതിയ്ക്കും, അനീതിയ്ക്കുമെതിരെ പ്രവർത്തിയ്ക്കുകയും ശബ്ദമില്ലാത്തവർക്കുവേണ്ടിയും, നീതി നിഷേധിയ്ക്കപ്പെട്ടവർക്കും സമൂഹനന്മയെ ലക്ഷ്യമാക്കി പ്രവർത്തിയ്ക്കുന്ന മനുഷ്യാവകാശസംഘടനയാണ്.

കേരളത്തിലെ സ്കൂളുകളിൽ, വിവിധ തരത്തിലുള്ള ഫണ്ടുകൾ ഉപയോഗിച്ചു നിർമ്മാണപ്രവർത്തനം നടക്കുന്നുണ്ട്. ഇതിൽ വൻ അഴിമതിയും, ക്രമക്കേടും നടക്കുന്നുണ്ട്. ഇത് രാഷ്ട്രീയക്കാരും, ചില ഉദ്യോഗസ്ഥരും കരാറുകാരും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടാണ്.

വയനാട്ടിൽ ഷഹ്‌ലാ ഷെറിൻ എന്ന 10 വയസ്സുള്ള കുട്ടി മരണപ്പെട്ടപ്പോൾ ചില വസ്തുതകൾ വെളിച്ചത്തുവരികയുണ്ടായി. സ്കൂൾ കെട്ടിടം പണിയാതെ പണിതു എന്ന് ഹെഡ്മാസ്റ്റർ സർട്ടിഫിക്കറ്റ് നൽകുകയും, കരാറുകാരൻ തുക മാറികൊണ്ടുപോയി ഇതു കേരളത്തിൽ പലയിടത്തും നടക്കുന്നുവെന്ന വാർത്ത മാധ്യമങ്ങൾ റിപ്പോർട്ടുചെയ്യുകയും ചെയ്തു. മാത്രമല്ല, പല സ്ഥലങ്ങളിലും സ്കൂൾ കെട്ടിടത്തിന്റെ പണി നിലവാരമില്ലാത്തതുമൂലം ചിലതു പണിതുകൊണ്ടിരുന്നപ്പോൾ തകർന്നുവീണു, ചിലതു, പണിതുകഴിഞ്ഞപ്പോൾ തന്നെ കേടുപാടുകൾ സംഭവിച്ചു. ഇതെല്ലാം ചൂണ്ടിക്കാട്ടുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനാസ്ഥയും കാര്യക്ഷമതിയില്ലായ്മയും പണത്തോടുള്ള ആർത്തിയുമാണ്. എം.എൽ.എ ഫണ്ടായാലും, എം.പി. ഫണ്ടായാലും എൽ.എസ്.ജി.ഡി ഫണ്ടായാലും എസ്.സി/എസ്.ടി. പി.ഡബ്ല്യു.ഡി. ഫണ്ടായാലും എല്ലാം ഇടത്തരക്കാരായ ജനങ്ങൾ നൽകുന്ന നികുതിപ്പണമാണ്. ജില്ലാതലങ്ങളിൽ പ്രവർത്തിയ്ക്കുന്ന ധനകാര്യപരിശോധനാവിഭാഗത്തിന്റെ കാര്യക്ഷമതയില്ലായ്മ എടുത്തുപറയേണ്ടതാണ്. ഓരോ വർക്ക് പൂർത്തീകരിച്ചു കഴിയുമ്പോഴും ജില്ലാകളക്ടർക്കു വേണ്ടി ഡെപ്യൂട്ടി കളക്ടർമാർ പരിശോധന നടത്തി, എൻ.ഒ.സി. നൽകിയ ശേഷമാണ് കരാറുകാരന് തുക നൽകാറ്. ഇതിലും കൃത്രിമം നടന്നിരിക്കുന്നു.

ആകയാൽ കഴിഞ്ഞ 5 വർഷമായി കേരളത്തിലെ സ്കൂൾ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ ഫണ്ടിൽ നിന്നും നടത്തിയിട്ടുള്ള നിർമ്മാണത്തിലെ അപാകതകളും അഴിമതിയും ക്രമക്കേടും സംബന്ധിച്ചു സമഗ്ര അന്വേഷണം നടത്തണമെന്ന് വിനീതമായി അപേക്ഷിയ്ക്കുന്നു.

വിശ്വസ്തതയോടെ,

16-12-2019

ഡോ. ജി. സാമുവേൽ (സെക്രട്ടറി)
ഹ്യൂമൻ റൈറ്റ്സ പ്രൊട്ടക്ഷൻ കൗൺസിൽ
മാങ്കാംകുഴി പി.ഒ. , മാവേലിക്കര - 690558
9349149977

DISTRICT COLLECTOR
THRISSUR

Scanned by CamScanner